THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

# ANSWER KEY

## പ്രിയദർശനം

| | |
|---|---|
| | **അർത്ഥം**<br>1.മുഴുവൻ<br>2.അങ്ങയുടെ പാദങ്ങൾ<br>3.ആഗ്രഹം<br>4.പെട്ടെന്ന്<br>5.കണ്ണുനീർ |
| | **വിപരീത പദം**<br>6.ധീരൻ<br>7.വിസ്മരിക്കുക<br>8.അദൃഷ്ടൻ<br>9.അവികലം |
| | **പര്യായ പദം**<br>10.സന്യാസി, ഭിക്ഷു |

| | |
|---|---|
| | 11.ജീവൻ, അസു<br><br>12.കണ്ണീർ |
| 13 | കുമാരനാശാന്റെ വീണപൂവ് മലയാള കവിതയിലെ ഒരു പുതുയുഗത്തിന് ആരംഭം കുറിച്ചു |
| 14 | കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിലെ ഒരു ഭാഗമാണ് പ്രിയദർശനം എന്ന പാഠം. കാവ്യത്തിൽ കഥാനായികയായ നളിനി വർഷങ്ങൾക്കുശേഷം ഹിമാലയത്തിൽ വെച്ച് കഥാനായകനായ ദിവാകരനെ കണ്ടുമുട്ടുന്നതാണ് പാഠഭാഗത്തെ കഥാസന്ദർഭം.<br><br>വർഷങ്ങൾക്ക് ശേഷമാണ് നളിനി ദിവാകരനെ കണ്ടുമുട്ടിയതും സ്വയം പരിചയപ്പെടുത്താൻ തുടങ്ങുന്നതും. തന്നെ വേഗത്തിൽ തിരിച്ചറിയുവാൻ വേണ്ടിയാണ് നളിനി ഇപ്രകാരം പറയുന്നത്. പണ്ട് നമ്മൾ പ്രണയത്തിലായിരുന്നുവെന്നും എന്നാൽ സന്ന്യാസിയായപ്പോൾ ദിവാകരന് നല്ല മാറ്റങ്ങൾ വന്നു, പൂർവ്വാശ്രമകാര്യങ്ങൾ മറന്നു പോയിട്ടുണ്ടോ എന്ന സംശയവും ഇങ്ങനെ പറയാൻ നളിനിയെ പ്രേരിപ്പിച്ചിരിക്കാം. |

| | |
|---|---|
| 15 | കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിലെ ഒരു ഭാഗമാണ് പ്രിയദർശനം എന്ന പാഠം. കാവ്യത്തിൽ കഥാനായികയായ നളിനി വർഷങ്ങൾക്കുശേഷം ഹിമാലയത്തിൽ വെച്ച് കഥാനായകനായ ദിവാകരനെ കണ്ടുമുട്ടുന്നതാണ് പാഠഭാഗത്തെ കഥാസന്ദർഭം.<br><br>ചിരകാലമായി ദിവാകരനെയും കാത്തിരുന്ന നളിനി ദിവാകരനെ കണ്ടപ്പോൾ തന്റെ ജീവിതം തന്നെ ചാരിതാർത്ഥമായി എന്ന് അറിയിക്കുന്നു. തുടർന്ന് യാതൊന്നും പറയാനാവാതെ വീർപ്പടക്കി ഗദകണ്ഠവു മായി നിൽക്കുന്ന നളിനിയെ ദിവാകരൻ സാകൂതം നോക്കുന്നതാണ് സന്ദർഭം. ദിവാകരനെ ഉഷസ്സായും നളിനിയെ പനിനീർസുമമായും സൂചിപ്പിക്കുന്നു.<br><br>വളരെ നാളുകൾക്കുശേഷം ദിവാകരനെ കണ്ടെത്തിയതിലുള്ള സന്തോഷം കണ്ണീർക്കണങ്ങളായി നളിനിയുടെ ചുവന്നു തുടുത്ത മുഖത്ത് പ്രത്യക്ഷപ്പെടുന്നു. ഇങ്ങനെ ചുവന്ന് തുടുത്ത മുഖവുമായിട്ടാണ് നളിനി പൊൻവെളിച്ചം തൂകുന്ന പ്രഭാതസൂര്യനെപ്പോലുള്ള ദിവാകരന്റെ മുന്നിൽ നിൽക്കുന്നത്. അതിമനോഹരവും ചമൽക്കാരഭംഗി നിറഞ്ഞതുമാണ് ഈ സാദൃശ്യകല്പന. പൂർണ ശോഭയോടെ ജ്വലിച്ചു നിൽക്കുന്ന ദിവാകരന്റെ മുന്നിൽ വിടരാൻ വെമ്പുന്ന  ചുവന്ന പനിനീർപ്പൂ. അത്യന്തം ഹൃദയഹാരിയാണ് ഈ സാദൃശ്യ കല്പന. |

| | |
|---|---|
| 16 | കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിലെ ഒരു ഭാഗമാണ് പ്രിയദർശനം എന്ന പാഠം. കാവ്യത്തിൽ കഥാനായികയായ നളിനി വർഷങ്ങൾക്കുശേഷം ഹിമാലയത്തിൽ വെച്ച് കഥാനായകനായ ദിവാകരനെ കണ്ടുമുട്ടുന്നതാണ് പാഠഭാഗത്തെ കഥാസന്ദർഭം.<br><br>'ഓർമ്മകളുടെ ഓളങ്ങളിൽ പൊന്തിവരുന്ന അരുതാത്ത ചിന്തകളെ നളിനിയുടെ മനസ്സിൽ നിന്ന് തള്ളിക്കളയുവാനുള്ള ശ്രമമാണ് ദിവാകരൻ നടത്തുന്നത്. നളിനിയുടെ രൂപവും, ശബ്ദവും ദൂരെയുള്ള വീടും എല്ലാം ദിവാകരന്റെ മനസ്സിലും എത്തുന്നുണ്ട്. എന്നാൽ അതെല്ലാം കൗമാരചാപല്യങ്ങളായിരുന്നു എന്ന് ദിവാകരൻ സൂചിപ്പിക്കുകയാണ്.<br><br>കാലം മാറി കുടുതൽ പക്വത കൈവന്ന തനിക്ക് പഴയ വികാരങ്ങളില്ല. തികച്ചും സന്ന്യാസിയാണ്. ഈശ്വരസാക്ഷാൽക്കാരം മാത്രമാണ് ലക്ഷ്യം. ഇതൊക്കെ പ്രണയപരവശയായ നളിനിയെ ഓർമ്മപ്പെടുത്തുകയാണ് ദിവാകരൻ. |
| 17 | കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിലെ ഒരു ഭാഗമാണ് പ്രിയദർശനം എന്ന പാഠം. കാവ്യത്തിൽ കഥാനായികയായ നളിനി വർഷങ്ങൾക്കുശേഷം ഹിമാലയത്തിൽ വെച്ച് കഥാനായകനായ ദിവാകരനെ കണ്ടുമുട്ടുന്നതാണ് പാഠഭാഗത്തെ കഥാസന്ദർഭം.<br><br>കളിക്കൂട്ടുകാരായിരുന്ന നളിനി ദിവാകരന്മാർ വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടുന്നതാണ് പാഠസന്ദർഭം. ഒരുമിച്ച് പാഠശാലയിൽ പോയവർ, സ്നേഹം പങ്കുവെച്ച് വളർന്നവർ, നളിനി ദിവാകരന്മാരുടെ സ്നേഹ ബന്ധം പാഠസന്ദർഭത്തിൽ നിന്നു വ്യക്തം. വർഷങ്ങൾക്കു ശേഷം നളിനി തന്റെ പ്രിയനെ കണ്ടുമുട്ടിയതിനാൽ പ്രിയദർശനം എന്ന ശീർഷം ഉചിതമായെന്നു പറയാം. |

<table>
<tr><td>17</td><td>കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിലെ ഒരു ഭാഗമാണ് പ്രിയദർശനം എന്ന പാഠം. കാവ്യത്തിൽ കഥാനായികയായ നളിനി വർഷങ്ങൾക്കുശേഷം ഹിമാലയത്തിൽ വെച്ച് കഥാനായകനായ ദിവാകരനെ കണ്ടുമുട്ടുന്നതാണ് പാഠഭാഗത്തെ കഥാസന്ദർഭം.<br><br>നളിനി എന്ന കാവ്യത്തിലെ നായകനായ ദിവാകരന്റെ വാക്കുകളാണ് ആദ്യത്തേത്.<br><br>വിവേകികൾ സ്വന്തം ജീവിതം മറ്റു ജീവനുകൾക്കു കൂടി ഉപകാരപ്രദമാകുന്ന രീതിയിൽ ഉപയോഗിക്കും എന്ന് ദിവാകരൻ പറയുന്നു.<br><br>ഇതേ ആശയം തന്നെയാണ് ശ്രീനാരായണ ഗുരുവിന്റെ വാക്കുകളിലും കാണുന്നത്. സ്വന്തം സുഖത്തിനു വേണ്ടി നാം ചെയ്യുന്ന കാര്യങ്ങൾ മറ്റു വ്യക്തികൾക്കു കൂടി സുഖം പകരണം എന്നാണ് ഗുരുവിന്റെ ഉപദേശം. അന്യരോടുള്ള സ്നേഹവും പരിഗണനയും ആയിരിക്കണം നമ്മുടെ ഓരോ പ്രവൃത്തികളിലും തെളിയേണ്ടത് എന്ന ജീവിതവീക്ഷണമാണ് ഈ രണ്ടുപേരും വെച്ചു പുലർത്തുന്നത്.</td></tr>
</table>